**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2356** **16-03-2022 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി സേവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | വാതിൽപ്പടി സേവന പദ്ധതിയിലേക്ക് കോഴിക്കോട് ജില്ലയിൽ നിന്നും ആദ്യഘട്ടത്തിൽ തെരെഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ/ നഗരസഭകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ വാതിൽപ്പടി സേവന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത് അരിക്കുളം കൊടിയത്തൂർ ഗ്രാമപഞ്ചായത്തുകളിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ തെരെഞ്ഞെടുക്കപ്പെടുന്ന സന്നദ്ധപ്രവർത്തകർക്ക് യൂണിഫോം, തിരിച്ചറിയൽ രേഖ, മറ്റ് സുരക്ഷാ ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെ ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങൾ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | വാതിൽപ്പടി സേവനം പദ്ധതിയ്ക്കായി തിരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധപ്രവർത്തകർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നുണ്ട്. യൂണിഫോം നൽകുന്നില്ല. |
| (സി) | പ്രസ്തുത സന്നദ്ധപ്രവർത്തകരുടെ നിയന്ത്രണം, ക്രമീകരണം എന്നിവ ആരുടെ കീഴിലായിരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | വാതിൽപ്പടി സേവന പദ്ധതിയുടെ സന്നദ്ധ പ്രവർത്തകരുടെ മേൽനോട്ട നിയന്ത്രണ ചുമതല പദ്ധതി നടത്തിപ്പിനായി വാർഡ്/ഡിവിഷൻ തലത്തിലും, തദ്ദേശസ്ഥാപനതലത്തിലും, രൂപീകരിച്ചിട്ടുള്ള സമിതികൾക്കാണ്. |

സെക്ഷൻ ഓഫീസർ